ഉള്ളതിനേക്കാൾ സൗകര്യങ്ങൾ ഒരുക്കി കുട്ടികളെ ആകർഷിക്കുന്നുണ്ട്. ഭാരിച്ച ഫീസ് പിരിച്ചിട്ട് എന്തുകൊണ്ട് അത്യാവശ്യം വേണ്ടുന്ന സൗകര്യങ്ങളെങ്കിലും യൂണിവേഴ്സിറ്റി ഒരുക്കാത്തതെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റ് ആലോചിക്കണം. വിദ്യാർത്ഥികളുടെ അസൗകര്യം കാണിച്ചുകൊണ്ട് നെയ്യാറ്റിൻകര സെന്ററിലെ ഒരു വിദ്യാർത്ഥി ഹൈക്കോടതിയെ ശരണം പ്രാപിച്ചു. ജൂൺ 30-ാം തീയതി അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണമെന്ന് ഹൈക്കോടതി യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതും യൂണിവേഴ്സിറ്റി ഗൗരവമായി എടുത്തിട്ടില്ല. യു.ഐ.ടി.യിലെ കോഴ്സുകൾ മറ്റു ഡിഗ്രി കോഴ്സുകളെക്കാൾ വ്യത്യസ്തമാണ്. ആയതിനാൽ ബി.എസ്.സി. ഇലക്ട്രോണിക്സ് എന്നത് ബി.ഇ.എസ്. എന്നും ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നത് ബി.സി.എസ്. എന്നും മാറ്റാൻ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകുന്നത് നന്നായിരിക്കും. ഇപ്പോൾത്തന്നെ ബി.ബി.എ. (ബാച്ച്ലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ) എന്ന കോഴ്സ് നിലവിലുണ്ട്. എൻട്രൻസ് ഇപ്പോൾ വേണ്ടെന്ന് വച്ചിരിക്കുകയാണ്. ഈ വർഷം മുതൽ ഇല്ലാതായിരിക്കുന്നു. ഈ വർഷത്തേയ്ക്കുള്ള അപേക്ഷ ഇതുവരെ ക്ഷണിച്ചിട്ടില്ല. മൂന്നു മാസം കഴിഞ്ഞിട്ട് അതിന്റെ അപേക്ഷ ക്ഷണിച്ചാൽ വരുന്ന മൂന്നു മാസത്തിനിടയിൽ ആറുമാസത്തെ ക്ലാസ് അഡ്ജസ്റ്റു ചെയ്ത് തീർക്കാനാണ് ശ്രമിക്കുന്നത്. ഓടിച്ച് പഠിപ്പിച്ച് പരീക്ഷയെഴുതിക്കുകയാണ്. അതിന് മാറ്റം വരണം. അടിയന്തിരമായി ലാബ് സൗകര്യവും കുട്ടികൾക്ക് പഠിക്കുന്നതിന് കെട്ടിടവും യോഗ്യരായ അദ്ധ്യാപകരെയും നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ പ്രവർത്തനം വേണ്ടത്ര ഭംഗിയായി നടക്കുന്നില്ലെന്നുള്ള വിഷയമാണ് അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയത്. ഇതുപോലെ യൂണിവേഴ്സിറ്റികളിൽ ആരംഭിച്ചിട്ടുള്ള ഫാർമസി കോഴ്സുകളെ സംബന്ധിച്ചും ഇതിനോടൊപ്പം ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇത് മെച്ചപ്പെടുത്തണമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഹൈക്കോടതിയിൽ നിന്നുള്ള ഡയറക്ഷന്റെയടിസ്ഥാനത്തിൽ പോരായ്മകൾ റിപ്പോർട്ട് ചെയ്യാതെ യൂണിവേഴ്സിറ്റിതന്നെ വിദഗ്ദ്ധ സമിതിയെ വച്ചിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റി ജൂലൈ അഞ്ചിനകം റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് യൂണിവേഴ്സിറ്റിയുമായി ചർച്ച ചെയ്യുകയാണ്.

(5) പന്തളം നിയോജകമണ്ഡലത്തിലെ കരിങ്ങാലിച്ചാൽ പുഞ്ച, പെരുവേലിച്ചാൽ പുഞ്ച എന്നീ പാടശേഖരങ്ങൾക്ക് നെൽക്കൃഷി വികസന ഏജൻസി രൂപീകരണം

ശ്രീ. പി.കെ. കുമാരൻ : പന്തളം നിയോജകമണ്ഡലത്തിലെ പുഞ്ച പാടശേഖരങ്ങളെയുൾപ്പെടുത്തി നെല്ലുൽപ്പാദന വികസന ഏജൻസി രൂപീകരിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അച്ചൻകോവിലിന്റെ തെക്കേഭാഗത്ത് ചേർന്നുള്ള ഈ പാടശേഖരങ്ങൾ ഏതാണ്ട് 10000-ത്തോളം ഹെക്ടർ വിസ്തൃതി വരുന്നവയാണ്. ഇവിടെ ഒരു പൂകൃഷി മാത്രമേ നടക്കുന്നുള്ളൂ. 1957-ൽ ഈ കരിങ്ങാലിച്ചാൽ പുഞ്ച സ്കീം എന്നൊരു പദ്ധതി ആവിഷ്കരിച്ചതാണ്. അതിനുശേഷമുള്ള ഒരു ഗവണ്മെന്റുകൾക്കും ഇത് നടപ്പാക്കാൻ കഴിഞ്ഞില്ല. ഈ വർഷത്തെ അനുഭവം തന്നെ വെള്ളപ്പൊ

LIBRARY ARCHIVES Kerala Legislative Assembly

ക്കത്തിന്റെ ഫലമായിട്ട് കൃഷി ഏതാണ്ട് പകുതിയിലധികം നശിച്ചു പോയിട്ടുണ്ട്. ഈ നിലയിൽ കൃഷി നശിക്കുകയും വരൾച്ച ബാധിക്കുകയും ഒക്കെ ചെയ്യുന്ന സ്ഥിതിക്ക് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ തുടർന്നും കൃഷിക്കാർക്ക് കൃഷിയിറക്കാൻ കഴിയുകയുള്ളൂവെന്നതാണ് സ്ഥിതി. ഈ വർഷം ഒട്ടേറെ തരിശ് ഇട്ടിരിക്കുന്ന നിലങ്ങൾ അടക്കം കൃഷി ചെയ്യുന്നതിന് കൃഷിക്കാർക്ക് ജലസേചനസൗകര്യം ഉണ്ടാക്കുന്നതിനും വെള്ളപ്പൊക്കത്തിന്റെ കെടുതികൾ ഉണ്ടാകാതിരിക്കാനും സഹായകമായി ഒരു നെല്ല് ഉൽപ്പാദക വികസന ഏജൻസി രൂപീകരിച്ച് അതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചുവെങ്കിൽ മാത്രമേ പാടശേഖരങ്ങളിലെ കൃഷിക്കാരെയും കൃഷിയേയും രക്ഷിക്കാൻ കഴിയുകയുള്ളൂ. അതിന് ആവശ്യമായിട്ടുള്ള ഉത്തരവും നടപടികളും ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : ആലപ്പുഴ ജില്ലയിലെ പാലമേൽ, നൂറനാട് പഞ്ചായത്തുകളിലും പത്തനംതിട്ടയിലെ പന്തളം പഞ്ചായത്തിലുമായി വ്യാപിച്ചു കിടക്കുന്ന 1037 ഹെക്ടർ വിസ്തൃതിയുള്ള കരിങ്ങാലിച്ചാൽ പുഞ്ചയിൽ ഒരുപൂ കൃഷി മാത്രമാണ് നടന്നു വന്നിട്ടുള്ളത്. ഇവിടത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി മുപ്പൂ കൃഷി ചെയ്യുന്നതിന് ഒരു പദ്ധതി ഗവണ്മെന്റ് ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഇതിനായി 38.26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നല്കുകയും 35 ലക്ഷം രൂപ ഇതിനകം നൽകുകയും ചെയ്തിട്ടുണ്ട്. കരിങ്ങാലിച്ചാൽ പുഞ്ച, മുപ്പൂ കൃഷി ചെയ്യുന്നതിന് സജ്ജമാക്കുന്ന വിധത്തിലുള്ള നടപടികൾ കൈക്കൊണ്ടു വരുന്നതിനാൽ ഒരു പുതിയ വികസന ഏജൻസിയുടെ ആവശ്യകത ഇവിടെയില്ല. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുത്ത് കൃഷി സംരക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള എല്ലാ നടപടികളും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

(6) പാലക്കാട് ജില്ലയിലെ കർഷകർക്ക് ഉൽപ്പാദന ബോണസ്

ശ്രീ. കെ. അച്ചുതൻ : സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പാലക്കാട് ജില്ലയിലെ പല സ്ഥലത്തും ഒന്നാംവിള കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ മൂന്നുനാല് സീസണായി ഉൽപ്പാദന ബോണസ് നൽകിയിട്ടില്ല. ആറു കോടി രൂപ ഉൽപ്പാദന ബോണസ് നൽകുന്നതിന് ആവശ്യമാണെന്ന് മനസ്സിലാകുന്നു. ഇപ്പോൾ 350 രൂപയാണ് ഹെക്ടറിന് ഉൽപ്പാദന ബോണസ് നൽകുന്നത്. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ഉൽപ്പാദന ബോണസ് ഹെക്ടറിന് ആയിരം രൂപയാക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും ഇതുവരെ ആ ആയിരം രൂപയുടെ ഒരു രേഖയും കൃഷി ഓഫീസിൽ എത്തിയിട്ടില്ല. എത്ര രൂപയാണ് നൽകുന്നതെന്ന് കൃഷിക്കാർക്ക് ഇനിയും മനസ്സിലായിട്ടില്ല. ഏതായാലും കഴിഞ്ഞ രണ്ട് സീസണിലും നെല്ല് സംഭരണത്തിനുവേണ്ടി കോടിക്കണക്കിന് രൂപ മാറ്റി വച്ചുവെങ്കിലും ആ തുകയൊന്നും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി പാലക്കാട് ജില്ലയിലെ കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly